കേരള സർക്കാർ

# ജലസേചന വകുപ്പ്

(ചെറുകിട ജലസേചനം)

നമ്പർ. ഡിബി (ജന) 1/2004 വാല്യം-2

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചനീയറുടെ കാര്യാലയം
മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ, മുവാറ്റുപുഴ
തിയതി: 09.02.2018

## ദർഘാസ് പരസ്യം

കേരള ഗവർണർക്കുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ മുവാറ്റുപുഴ താഴെ കൊടുത്തിരുക്കുന്ന പ്രവൃത്തികൾക്ക് മത്സര സ്വഭാവമുള്ള ദർഘാസുകൾ കേരള പൊതുമരാമത്ത്/ജല വിഭവ വകുപ്പ്കളിലെ അംഗീകൃത എ.ബി.സി.ഡി. ക്ലാസ് കരാറുകാരിൽ നിന്നും പ്രവർത്തിയുടെ പേരെഴതി മുദ്രവച്ച കവറുകളിൽ രജിസ്റ്റേഡ് തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ സർവ്വീസ് മുഖേന അയക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ നിശ്ചിത ദിവസം 3 പി.എം വരെ സ്വീകരിക്കുന്നതും അന്നേദിവസം വൈകിട്ട് 3.30 മണിക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരുള്ള കരാറുകാരുടെയോ പ്രതിനിധി.കളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. തപാലിൽ വരുന്ന കാലതാമസത്തിന് കരാറുകാരൻ മാത്രം ഉത്തരവാദികളായിരിക്കും.ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായിരുന്നാൽ അതിനടുത്ത പ്രവർത്തി ദിവസം മേൽ പറഞ്ഞ സമയങ്ങളിൽ യഥാക്രമം ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം രൂപ | ദർഘാസ് ഫോറത്തിന്റെ വില രൂപ | കരാറുകാരന്റെ ക്ലാസ് | കാലാവധി |
|---|---|---|---|---|---|---|
| 1 | 08/AEE/ MIMVPA/ 2017-18 | മൈനർ ഇറിഗേഷൻ സെക്ഷൻ കോതമംഗലത്തിന്റെ അധികാരപരിധിയിൽ വരുന്ന അരീക്കച്ചിറ, വലയികുളം-2, ഇരുട്ടുകാവുചിറ(കരിങ്ങാച്ചിറ) കുളം എന്നിവയുടെ വൃത്തിയാക്കൽ<br><br>അടങ്കൽ തുക രൂപ 79,269/- | 2000/- | 500 + 12% ജി.എസ്.ടി | ക്ലാസ് ഡിയും അതിന് മുകളിൽ | 4 മാസം |
| 2 | 09/AEE/ MIMVPA/ 2017-18 | മൈനർ ഇറിഗേഷൻ സെക്ഷൻ കൂത്താട്ടുകുളത്തിന്റെ അധികാര പരിധിയിൽ വരുന്ന ഇലഞ്ഞിപഞ്ചായത്തിലെ വെട്ടിയോടി പുത്തൻ കുളം, ചിറ്റാനികാട്ടുചിറകുളം, പാലക്കുഴ പഞ്ചായത്തിൽ കല്ലിരുക്കും കണ്ടം പഴയകുളം, മാനമൂട്ടിൽ കുളം എന്നിവയുടെ പുനരുദ്ധാരണ വേലകൾ<br><br>അടങ്കൽ തുക രൂപ 2,18,832/- | 5500/- | 500 + 12% ജി.എസ്.ടി. | ടി.ടി | ടി.ടി |

### ദർഘാസ് പ്രമാണങ്ങളുടെ വില്പന

ദർഘാസ് ഫോറത്തിന്റെ വില്പന - 19.02.2018 ഉച്ചക്ക് 3 മണി വരെ

ദർഘാസ് രജിസ്ട്രേഡ് തപാലിൽ സ്വീകരിക്കുന്ന അവസാന തീയതി - 23.02.2018 ഉച്ചക്ക് 3 മണി വരെ

ദർഘാസ് തുറക്കുന്ന തീയതി - 23.02.2018 ഉച്ചക്ക് 3.30 മണി

പ്രവൃത്തിയുമായി ബന്ധപ്പെട്ട സബ് ഡിവിഷൻ - എം.ഐ സബ് ഡിവിഷൻ മുവാറ്റുപുഴ

മറുപുറം

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദ വിവരങ്ങളും മേൽ പറഞ്ഞ ദിവസം ആഫീസ് സമയങ്ങളിൽ ദർഘാസ് പ്രമാണത്തിന്റെ വില ജി.എസ്.റ്റി ഉൾപ്പെടെ ട്രഷറിയിൽ അടച്ചതിന്റെ രസീതു സഹിതം അപേക്ഷിച്ചാൽ താഴെ വിവരിച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും നിശ്ചിത ദിവസങ്ങളിൽ ലഭിക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ അന്നേദിവസം അവധിയായാൽ അടുത്ത പ്രവർത്തി ദിവസം ഉച്ചക്ക് 1 മണി വരെ ദർഘാസുകൾ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ മേൽ പറഞ്ഞ അംഗീകൃത കരാറുകാർക്ക് മാത്രം ലഭിക്കുന്നതും അവ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ഈ ജോലികൾക്ക് ദർഘാസ് സമർപ്പിക്കുമ്പോൾ 200 രൂപ മുദ്ര പത്രത്തിൽ പ്രാരംഭ കരാർ കൂടി വയ്ക്കേണ്ടതാകുന്നു. അതിനുള്ള സാമ്പിൾ ഫോറം ആഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിട്ടുള്ളതാകുന്നു.. നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ, മുവാറ്റുപുഴയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്കവിധം അധികാരപ്പെടുത്തിയിട്ടുള്ളതും ആയിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും ആവശ്യമായ നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് ബിൽ തുകയുടെ 1% അംശാദായമായി ബില്ലിൽ നിന്നും പിടിക്കുന്നതും നിധിയിലേക്ക് അടക്കുന്നതുമാണ്. നിയമാനുസൃതമായ ജി.എസ്.റ്റിയും മറ്റും ഓരോ ബില്ലിൽ നിന്നും പിടിക്കുന്നതും ആയവ ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുന്നതുമാണ്. ഗവൺമെന്റ് ഓർഡർ 84/97/പി.ഡബ്ലിയു.ഡി.ആന്റ്റി 19.8.1997 ഉം ഗവൺമെന്റ് ഓർഡർ നമ്പർ 137/98/പി.ഡബ്ലി.യു.ഡി തീയതി 21.02.1998ഉം പ്രകാരം പറഞ്ഞിട്ടുള്ള പ്രർഫോർമൻസ് ഗ്യാരണ്ടി തുടങ്ങിയവ വ്യവസ്ഥകളും കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകൾ സംബന്ധിച്ചിട്ടുള്ള പുതുക്കിയ മറ്റെല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്.

അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ മുവാറ്റുപുഴ

(കേരള ഗവർണ്ണർക്കുവേണ്ടി)